**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** | **07-10-2024 - ൽ മറുപടിയ്ക്ക്**

**അമീബിക് മസ്തിഷ്ക ജ്വരബാധ - പ്രതിരോധവും ബോധവൽക്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, <br> ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ് <br> (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരബാധ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിൽ ഈ കാലഘട്ടത്തിൽ മസ്തിഷ്ക ജ്വരം കേസുകൾ കൂടുതലായി പരിശോധിക്കപ്പെടുന്നുണ്ട്. 1 ജനുവരി 2024 മുതൽ 30 സെപ്റ്റംബർ 2024 വരെ മലപ്പുറം - 1, തൃശ്ശൂർ-1, കണ്ണൂർ - 3, കോഴിക്കോട് - 3, പാലക്കാട് - 1, തിരുവനന്തപുരം - 15 എന്നിങ്ങനെയായി 24 അമീബിക് മസ്തിഷ്ക ജ്വരബാധ കേസുകളും 5 അമീബിക് മസ്തിഷ്ക ജ്വരബാധ മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാഹചര്യത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് രാജ്യത്തിലാദ്യമായി കേരളം അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ ചികിത്സാ മാർഗ്ഗരേഖ പുറത്തിറക്കുകയും ഏകാരോഗ്യ (One Health) സമീപനത്തിലൂന്നിയ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ടെക്നിക്കൽ ശില്പശാല നടത്തുകയുമുണ്ടായി. |
| (ബി) | പ്രസ്തുത രോഗം പടരുന്നത് ഏതൊക്കെ മാർഗങ്ങളിലൂടെയാണെന്നും പ്രതിരോധമാർഗങ്ങൾ എന്തൊക്കെയാണെന്നും ഈ രോഗത്തിന്റെ മരണനിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | അമീബിക് മസ്തിഷ്ക ജ്വരത്തെ സാധാരണയായി രണ്ടായി തരം തിരിച്ചിരിക്കുന്നു. <br><br> 1. PAM ( Primary Amoebic Meningo Encephalitis)- കാരണ ഹേതു Neagleria Fowleri <br> 2. Granulomous Amoebic Meningo Encephalitis - കാരണ ഹേതു Acanthamoeba, Balamuthia, Sappinia, Vermamoeto veriforms തുടങ്ങിയ വെള്ളത്തിൽ കാണപ്പെടുന്ന സ്വതന്ത്ര അമീബ വിഭാഗത്തിൽപ്പെട്ടവ. <br><br> മരണ നിരക്ക്: Primary Amoebic Meningo Encephalitis – 97 to 99%, Granulomous Amoebic Meningo Encephalitis – 60% t0 90% <br><br> അമീബിക് മസ്തിഷ്ക ജ്വരം ഒരു പകർച്ച വ്യാധിയല്ല. കെട്ടികിടക്കുന്നതോ ഒഴുകുന്നതോ ആയ |

ജലസ്രോതസ്സുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവ്വമായി കാണുന്ന രോഗമാണ് അമീബിക് മസ്തിഷ്ക ജ്വരം. വെള്ളത്തിൽ കാണുന്ന Neagleria, Acanthamoeba തുടങ്ങിയ അമീബകൾ മൂക്കിലൂടെയാണ് മസ്തിഷ്കത്തിലേക്ക് പ്രവേശിക്കുന്നത്. അമീബ കാണപ്പെടുന്ന വെള്ളം മൂക്കിലേക്ക് ഒഴിക്കുകയോ, ശക്തമായി കയറ്റുകയോ ചെയ്യുമ്പോഴാണ് അമീബിക് മസ്തിഷ്ക ജ്വരം ഉണ്ടാകുന്നത്. ഏത് ജലസ്രോതസ്സിലും അമീബ കാണാൻ സാധ്യതയുണ്ട്. ആഗോള താപനത്തിന്റെ ഭാഗമായി ജലാശയങ്ങളിൽ Neagleria യുടെ സാന്ദ്രത വർദ്ധിച്ചു വരുന്നതായി അനേകം പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. അമീബയുള്ള ജലകണങ്ങൾ മൂക്കിലേക്ക് പ്രവേശിച്ചാൽ അമീബിക് മസ്തിഷ്ക ജ്വരം വരാനുള്ള സാധ്യത കൂടുതലാണ്. Acanthamoeba എന്നയിനം അമീബകൾ സർവ്വവ്യാപിയാണ് (Ubiquitous). വെള്ളത്തിൽ മാത്രമല്ല പൊടിപടലങ്ങളിലും മറ്റും Acanthamoeba കണ്ടെത്തിയിട്ടുണ്ട്. Acanthamoeba, Balamuthia തുടങ്ങിയ അമീബകൾ മൂക്കിലൂടെയോ, തൊലിപ്പുറത്തു കൂടിയോ ശരീരത്തിൽ പ്രവേശിക്കുന്നു. രക്തത്തിലൂടെയോ, മൂക്കു വഴിയോ ഇവ മസ്തിഷ്കത്തിലെത്തുകയും മസ്തിഷ്ക ജ്വരം ഉണ്ടാകുകയും ചെയ്യുന്നു. അമീബയുള്ള വെള്ളം ആവിയായി മൂക്കിലേക്ക് വലിച്ചു കയറ്റിയാലും Acanthamoeba കാരണമുള്ള മസ്തിഷ്ക ജ്വരം ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. കൊച്ചു കുട്ടികളുടെ തലയോട്ടി വേണ്ട രീതിയിൽ കട്ടിയില്ലാതെ വരുന്നതിനാൽ അവരിൽ ഈ രോഗം കൂടുതലായി കാണുന്നു. തലയോട്ടിയിൽ മൂക്കിന്റെയോ ചെവിയുടേയോ പ്രശ്നങ്ങൾ വഴി ക്ഷതം സംഭവിച്ചവർക്കും മുൻപ് തലയോട്ടിയിൽ എല്ലിന്റെ പൊട്ടൽ ഉണ്ടായവർക്കും ഈ അമീബ ഉള്ള വെള്ളത്തിൽ മുങ്ങിക്കുളിക്കുന്നത് വഴി ഇതു പകരാൻ ഇടയാകും. കെട്ടിക്കിടക്കുന്ന വെള്ളത്തിലോ, മലിനമായ ജലത്തിലോ മുങ്ങുന്നതും ചാടുന്നതും കളിക്കുന്നതും നീന്തുന്നതും വെള്ളം മൂക്കിൽ ഓസ് വഴി ചീറ്റുന്നതും ഒഴിവാക്കുക, മൂക്കിൽ മലിന ജലം പോകാതെ ശ്രദ്ധിക്കുക എന്നിവ വഴി രോഗബാധ ഒഴിവാക്കാൻ കഴിയും. സ്വിമ്മിംഗ് പൂളുകളിലേയും ഓവർഹെഡ് ടാങ്കിലേയും വെള്ളം ഉപയോഗിക്കുന്നത് വഴിയും രോഗാണു ശരീരത്തിൽ കയറാം. സ്വിമ്മിംഗ് പൂളും ഓവർഹെഡ് ടാങ്കും ഇടയ്ക്കിടക്ക് വൃത്തിയാക്കാൻ ശ്രദ്ധിക്കണം. അവ ക്ലോറിനേറ്റ് ചെയ്ത് വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

കേരളത്തിൽ ഇത് വരെ റിപ്പോർട്ട് ചെയ്ത കണക്കുകൾ പ്രകാരം കേസ് ഫാറ്റാലിറ്റി റേറ്റ് 20.83 ആണ്.

| | | | |
|---|---|---|---|
| | | | നിശ്ചലമായ ജലാശയങ്ങളിൽ നീന്തുന്നത് പരമാവധി ഒഴിവാക്കുക, നീന്തൽക്കുളങ്ങളും വാട്ടർ തീം പാർക്കുകളുടെയും ജലം ശരിയായ രീതിയിൽ അണുവിമുക്തമാക്കുക, പനി, തലവേദന, ഛർദ്ദി, ജെന്നി എന്നീ ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോഴേ വൈദ്യസഹായം തേടുക എന്നീ പ്രതിരോധ മാർഗ്ഗങ്ങളിലൂടെ അണുബാധയെ പ്രതിരോധിക്കാവുന്നതാണ്. |
| (സി) | അമീബിക് മസ്തിഷ്ക ജ്വരബാധ തടയുന്നതിനായി പ്രതിരോധപ്രവർത്തനങ്ങളും ബോധവൽക്കരണവും കാര്യക്ഷമമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ തന്നെ വിദഗ്ധരുമായി ചേർന്നു ഉന്നതതല അവലോകന യോഗം ചേരുകയും മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരില്ല എന്നും പരിഭ്രാന്തരാകരുതെന്നും അറിയിച്ചു. കൂടാതെ പനി, ഛർദി, തലവേദന, ജെന്നി, സ്വബോധം നഷ്ടപ്പെടുന്ന അവസ്ഥ എന്നീ ലക്ഷണങ്ങളുമായി ചികിത്സ തേടുന്ന, കുളങ്ങളിലും നദികളിലും ഉള്ള വെള്ളവുമായി സമ്പർക്കമുള്ളവർക്ക് amoebic meningo encephalitisനുള്ള ടെസ്റ്റിംഗ് നടത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ വൈദ്യസഹായം തേടണമെന്നും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ നീന്തുന്നത് പരമാവധി ഒഴിവാക്കുന്നതിനും പൊതുജനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. നീന്തൽക്കുളങ്ങളിലെയും വാട്ടർ തീം പാർക്കുകളിലെയും വെള്ളം ശരിയായ അണുവിമുക്തമാക്കൽ ഉറപ്പാക്കാൻ നിർദേശിച്ചിട്ടുണ്ട്. ഗുരുതരമായ അവസ്ഥയെ ചികിത്സിക്കാൻ മെഡിക്കൽ ലിറ്ററേച്ചറിൽ സൂചിപ്പിച്ചിരിക്കുന്ന വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ഗവേഷണ സംഘടനകളുമായി സഹകരിച്ച് സ്ഥിരീകരണത്തിനായി molecular and genetic diagnosis നൽകാനുള്ള ശ്രമങ്ങൾ തുടരുകയാണ്. അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് സംബന്ധിച്ച് IEC മെറ്റീരിയലുകൾ സോഷ്യൽ, ഓഡിയോവിഷ്വൽ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചിട്ടുണ്ട്. കൂടാതെ G.O(Rt)No.1760/2024/H&FWD dated 20-07-2024 ഉത്തരവ് പ്രകാരം അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് തടയൽ, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ ചികിത്സയിൽ വളരെ പ്രധാന പങ്ക് വഹിക്കുന്ന Miltefosin(മൽറ്റിഫോസിൻ) എന്ന മരുന്നിന്റെ |

| | | | |
|---|---|---|---|
| | | | ലഭ്യത ആരോഗ്യ വകുപ്പ് ഉറപ്പ വരുത്തിയിട്ടുണ്ട്. ഏകാരോഗ്യ (One health) സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കാനായി ICMR, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, AV Insitute of Pondicherry എന്നിവിടങ്ങളിലെ വിദഗ്ദരെ പങ്കെടുപ്പിച്ച് സാങ്കേതിക ശില്പശാല ആഗസ്റ്റ് 27, 2024 ന് നടത്തി. അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ റിപ്പോർട്ട് കേരള സർവ്വകലാശാലയുടെ പാരിസ്ഥിതിക എഞ്ചിനീയറിംഗ് വിഭാഗവും സംസ്ഥാന മലിനീകരണ ബോർഡും ചേർന്ന് തയ്യാറാക്കി. ഏകോരോഗ്യ സമീപനത്തിലൂന്നിയ സമഗ്ര കർമ്മ പദ്ധതി സംസ്ഥാനം രൂപീകരിച്ചു. പ്രതിരോധ പ്രവർത്തനങ്ങളുടെയും ബോധവൽക്കരണത്തിന്റെയും ചികിത്സാ മാർഗ്ഗരേഖയുടെയും ഫലമായി 97 മുതൽ 99% വരെയുള്ള മരണ നിരക്ക് 26% ആയി കുറക്കാൻ കേരളത്തിന് കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ